മിസ്റ്റർ ടി. കെ. നായർ: ഇതിനുള്ള മറുപടി ഇന്നലെ ഇവിടെപറഞ്ഞുകഴിഞ്ഞിട്ടുണ്ട്. പണി കഴിഞ്ഞിട്ടുള്ളതിന്റെ ഫൈനൽ ബില്ലായിട്ടുള്ള സംഖ്യയാണ് അതെന്ന്. പണി പൂർത്തിയാകാതെയുള്ള പണികളും കൂടി നടത്തുന്നുണ്ട്. ആ പണികളും ഇക്കൊല്ലം തുടരുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇന്നലെ പറഞ്ഞതു് ഇക്കൊല്ലത്തെ കണക്കല്ല.

മിസ്റ്റർ ടി. കെ. നായർ: ഇക്കൊല്ലത്തേക്കുംകൂടി അതു ബാധകമാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പണികളും നടത്തുവാനുള്ള താമസംവരുന്നതു് പഞ്ചായത്തുകാർതന്നെ അനുവദിച്ച സംഖ്യകൊണ്ടു കഴിക്കണമെന്നുള്ളതുകൊണ്ടാണോ?

മിസ്റ്റർ ടി. കെ. നായർ: അവക്കു ചെയ്യുവാൻ സാധിക്കാത്ത പണികളെല്ലാം കരാർ പ്രകാരം ചെയ്യിക്കാറുണ്ട്. നേരെമറിച്ചു് അവക്കു ചെയ്യാവുന്ന ചെറിയ ചെറിയ പണികളെല്ലാം അവർ ചെയ്യാമെന്നു പറഞ്ഞാൽക്കൂടിയും ടെക്നിക്കലായിട്ടുള്ള പണികളെല്ലാം കരാറുകാരെയാണു് ഏൽപ്പിക്കുന്നതു്.

PETITION FROM CERTAIN PERSONS FROM KADANGODE

378. Mr. K. S. Panicker *(Ezhuvas-Mukundapuram)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തലപ്പള്ളി താലൂക്കു കടങ്ങോടു വില്ലേജിലെ കൃഷ്കരായ മിസ്റ്റർ ശങ്കു ആശാരി മുതലായി ൭ പേർ ഒപ്പിട്ട ഒരു ഹർജി ലഭിക്കുകയുണ്ടായോ; ആയതിന്മേൽ ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രി അവർകൾക്കു കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ അപേക്ഷ എന്തായിരുന്നു;

(സി) അപേക്ഷാനുസരണം വല്ലതും പ്രവർത്തിച്ചുവോ;

(ഡി) പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം, ഇല്ലെങ്കിൽ എന്തുകൊണ്ടു;

(ഇ) ൧൯൪൨ ലെ ൨൫-ാംനമ്പർ-യിലും, ൧൯൪൩ ലെ ൫-ാംനമ്പർ-യിലും, ൧൯൪൪ ൽ കന്നി ൧൪-ാംനമ്പർ-യിലും ഈ കൃഷ്കരിൽനിന്നു ഈ സംഗതിക്കുതന്നെ ഗവൺമെണ്ടിനു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ ഹർജികളെ സംബന്ധിച്ചു ഗവൺമെണ്ടു വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു; ഇല്ലെങ്കിൽ എന്തുകൊണ്ടു;

(ജി) ഈ ഹർജിക്കാർക്കു എൻ. ഡിസ്. ൪൭൭൨/൧൯൪൩-ാംനമ്പ്രായി അയച്ച മെമ്മോവിൽ എന്താണു് പറഞ്ഞിരിക്കുന്നതു്;

(എച്ച്) ഇവരുടെ അപേക്ഷയിൽ പറയുന്ന "മല്ലൻ കുഴി" ചിറ കെട്ടുന്നതിനു് ഉദ്ദേശം എത്ര ഉറുപ്പിക വേണ്ടിവരും;

(ഐ) അതിന്റെ ഇൻവെസ്റ്റിഗേഷൻ മുതലായവ കഴിഞ്ഞതു എന്നാണു്;

(ജെ) ആ ചിറ കെട്ടുന്നതായാൽ എത്ര ഏക്രു് കൃഷിക്കു ഉപയോഗമുണ്ടു;

(കെ) പ്രസ്തുത ചിറയ്ക്കടുത്തു ഒരു കുളം നന്നാക്കുവാൻ ൧൯൪൨-ൽ ൧,൦൦൦ ഉറുപ്പിക അനുവദിച്ചിരുന്നില്ലേ; ഉവ്വു് എങ്കിൽ അതിന്റെ പണി കഴിഞ്ഞോ;

(എൽ) ൧൯൪൨ ലെ ൫-ാം ബോധിപ്പിച്ച ഹർജിയുടെ പകർപ്പു് ഓരോ ബഹുമാനപ്പെട്ട മെമ്പറുടേയും മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

Mr. T. K. Nayar *(Minister for Rural Development)*:

(എ) ഉവ്വു്.

(ബി) മല്ലൻകുഴി എന്ന സ്ഥലത്തു പുഴയിൽ ഒരു കൽചിറ സ്ഥിരമായി കെട്ടുന്നതിനായിരുന്നു.

(സി) പ്രസ്തുത സംഗതി ഇറിഗേഷൻ ബോർഡിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്.

(ഡി) ൩-ാം ചോദ്യത്തിന്റെ ഉത്തരം നോക്കുക.

(ഇ) ഉവ്വു്.

(എഫ്) അപേക്ഷകളിലെ ആവശ്യങ്ങൾ രണ്ടായിരുന്നു. ൧. മല്ലൻകുഴി കൽചിറ കെട്ടുന്നതിനും, ൨. വെള്ളാട്ടകുളം ചേറെടുത്തു നന്നാക്കുന്നതിനും. മല്ലൻകുഴിയെ സംബന്ധിച്ചു ൩-ാം ചോദ്യത്തിന്റെ ഉത്തരം നോക്കുക. വെള്ളാട്ടകുളം ചേറെടുത്തു നന്നാക്കുന്ന പണി ൪-ാം ചോദ്യത്തിൽ പറഞ്ഞ മിസ്റ്റർ ശങ്കു ആശാരി മുതലായി ൪ കൃഷിക്കാരെ ഏല്പിച്ചു ൧൯൪൨-ൽ തന്നെ നടത്തിയിട്ടുണ്ടു്.

(ജി) "The petitioners are informed that the matter has been referred to the Irrigation Board", എന്നാണു് മെമ്മോവിൽ പറഞ്ഞിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പണി എല്പിച്ചുകൊടുക്കുന്നതിനു വേണ്ട കൂടുതൽ സംഖ്യക്കു പുറമെ ഉദ്ദേശം ൪, ൦ ൦ ൦ക. വേണ്ടിവരും.

(ഐ) ൧൯൫൫ ജൂലായി ൧൦-ാംനു.

(ജെ) ൧ ൦ ൦ ഏക്കറിൽ കൂടുതൽ.

(കെ) വെള്ളാട്ടുകളം വിസ്തീർണ്ണപ്പെടുത്തുവാൻ ൧, ൦ ൦ ൦ ക. അനുവദിച്ചിട്ടുണ്ട്. ടി പണി പഞ്ചായത്തുവഴി ഡിപ്പാർട്ട്മെണ്ടിലായി നടത്തുവാൻ വേണ്ടതു ചെയ്തിട്ടുണ്ട്.

(എൽ) ഹർജിയുടെ പകർപ്പു കൌൺസിൽ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

Mr. T. A. Ramachandra Ayyar *(Nellayi)*: May I know whether these panchayat irrigation works are under the jurisdiction of the Irrigation Board? If not, why was this referred to the Irrigation Board.

Mr. T. K. Nayar *(Minister for Rural Development)*: It is not according to the report received from the Department. It seems this could be treated as almost a major irrigation work. Further more funds are spent here. It could be made useful for a wider area. We thought that instead of spending money from the panchayat, it would be better for the D. P. W. to make it useful.

Mr. T. A. Ramachandra Ayyar *(Nellayi)*: What is the difference between a major irrigation work and a minor irrigation work?

Mr. T. K. Nayar *(Minister for Rural Development)*: If the land benefitted is below 200 acres it comes under minor irrigation works.

Mr. T. A. Ramachandra Ayyar *(Nellayi)*: So it does not depend on the amount spent.

DESAMANGALAM—OLICHICHIRA—CONSTRUCTION OF

379. Mr. K. S. Panicker *(Exhuvas-Mukundapuram)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു ദയവായി മറുപടി പറയുമോ:—

(എ) തലപ്പിള്ളി താലൂക്കിൽ ദേശമംഗലം "ഒലിച്ചിച്ചിറ"യുടെ പണിക്കു പഞ്ചായത്തിൽനിന്നു ആകെ എത്ര സംഖ്യയാണു് ചിലവാക്കിയിട്ടുള്ളതു്;

(ബി) അതു ഏതേതു കൊല്ലത്തിൽ, എത്ര സംഖ്യ വീതം ചിലവാക്കിയിട്ടുണ്ടു്;

(സി) ആ പണിയുടെ കരാറുകാരൻ ആരായിരുന്നു;

(ഡി) എന്നാണു് ആ പണി പൂർത്തികരിച്ചു ഉൽഘാടനം ചെയ്തതു്;

(ഇ) ടി പണിക്കു ആകെ എത്ര ചാക്കു സിമൻറു കരാറുകാരനു കൊടുത്തിട്ടുണ്ടു്;

(എഫ്) അതു ഏതേതുമാസം തിയ്യതികളിൽ, (ഓരോ തിയ്യതികളിൽ കൊടുത്തിട്ടുള്ള സിമൻറിൻറെ കണക്കു വേറെ വേറെ കാണിക്കണം);

(ജി) ഇപ്പോഴത്തെ പഞ്ചായത്തു അസിസ്റ്റാണ്ടു് എഞ്ചിനീയറായി മിസ്റ്റർ സീതാരാമയ്യർ നിയമിതനായതിനു മുമ്പു ഈ കരാറുകാരൻ പഞ്ചായത്തിൽ കരാറെടുക്കാറുണ്ടായിരുന്നുവോ;

(എച്ച്) ഉണ്ടെങ്കിൽ ഏതേതു കൊല്ലത്തിൽ ഏതേതു പണികൾ ഏതേതു പഞ്ചായത്തിൽ നടത്തിട്ടുണ്ടു്;

(ഐ) ഈ കരാറുകാരൻറെമേൽ കരിഞ്ചന്തയിൽ സിമൻറു വ്യാപരിച്ചതായി വല്ല ആക്ഷേപമോ, തെളിവോ, അറിവോ, കിട്ടിയിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവർമ്മേണ്ടു് എന്തു നടപടിയാണു ഇതിന്നകം എടുത്തിട്ടുള്ളതു്?

Mr. T. K. Nayar *(Minister for Rural Development)*:

(എ) ൧ ൦, ൫ ൫ ൩ ക.

(ബി) ൧൯൫൫-ൽ ൩, ൫൩ ൫ക. ൧൯൫൬-ൽ ൩,൯൭൫ക.

(സി) മിസ്റ്റർ ഇ. എ. ആൻറണി.

(ഡി) ൧൯൫൬ ആഗസ്റ്റ്മാസം ൧൬-ാംനു.

(ഇ) ൧, ൫൩൭ ചാക്കു.

(എഫ്)

൧൯൫൫	ജൂൺ	൯-ാംനു	ചാക്കു ൨ ൫ ൦
൧൯൫൫	ജൂൺ	൨൧-ാംനു	,, ൫ ൦ ൦
൧൯൫൫	ജൂലായി	൧൫-ാംനു	,, ൧ ൦ ൦
൧൯൫൫	ജൂലായി	൧൭-ാംനു	,, ൩ ൦ ൦
൧൯൫൫	ആഗസ്റ്റ്	൭-ാംനു	,, ൧ ൦ ൦

LIBRARY ARCHIVES Kerala Legislative Assembly